ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.06.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ബിഹാറിലെ നാളന്ദ സർവകലാശാലയുടെ പുതിയ ക്യാമ്പസ് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉദ്ഘാടനം ചെയ്യും.

   **Prime Minister Narendra Modi to inaugurate the new campus of Nalanda University in Bihar today.**

2. പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം ഇന്ന് പുനരാരംഭിക്കും.

   **Eleventh session of the 15th Kerala Assembly to restart today.**

3. ഇന്ന് ദേശീയ വായനാ ദിനം; കേരളത്തിൽ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

   **National Reading Day observe today; Chief Minister Pinarayi Vijayan to inaugurate the state-level programs in Kerala.**

4. ട്വൻറി-20 ലോകകപ്പ് സൂപ്പർ EIGHT മത്സരങ്ങൾക്ക് ഇന്ന് തുടക്കം; ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്ക - അമേരിക്കയെ നേരിടും.

   **T-20 World Cup Super Eight matches to begin today; South Africa to take on America in the first match.**

5. കേരളത്തിൽ മഴ ശക്തമാകാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; ഇന്ന് ആറു ജില്ലകളിൽ മഞ്ഞ ജാഗ്രത.

**IMD Predicts heavy rain in Kerala; Yellow alert issued in six districts today.**

&&&&&&&&&&&&&&&&&&

## PM KISAN SAMMAN NIDHI

ഇന്ത്യയെ ഏറ്റവും വലിയ മൂന്നാമത്തെ സാമ്പത്തിക ശക്തിയാക്കുന്നതിൽ കാർഷിക മേഖലയ്ക്ക് വലിയ പങ്കുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പി എം കിസാൻ സമ്മാൻ നിധിയുടെ പതിനേഴാം ഗഡുവിന്റെ വിതരണോദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. 9 കോടി 26 ലക്ഷത്തോളം കർഷകർക്ക് 20,000 കോടിയിലധികം രൂപയാണ് വിതരണം ചെയ്യുത്. സ്വയം സഹായ സംഘങ്ങളിലെ 30,000 വനിതാ കർഷകർക്ക് കൃഷി സഖികൾക്കുള്ള സാക്ഷ്യപത്രവും പ്രധാനമന്ത്രി കൈമാറി. കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പരിപാടിയിൽ പങ്കെടുത്തു. കർഷകരുടെ ഉൽപന്നങ്ങൾക്ക് മികച്ച വില ലഭ്യമാക്കുന്നതിനൊപ്പം ഉൽപ്പാദനച്ചെലവ് കുറയ്ക്കാൻ സഹായിക്കുകയാണ് കേന്ദ്ര സർക്കാരിന്റെ ലക്ഷ്യമെന്ന് ശ്രീ ശിവരാജ് സിങ് ചൗഹാൻ പറഞ്ഞു.

&&&&&&&&&&&&&&&&&&

## GEORGE KURIYAN

പി എം കിസാൻ പദ്ധതിയുടെ പതിനേഴാം ഗഡു വിതരണത്തോടനുബന്ധിച്ച് കുമരകത്ത് നടന്ന കിസാൻ സമ്മേളനം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യു. കേരളത്തിൽ കേന്ദ്ര സർക്കാർ പിന്തുണയോടെ കാർഷിക മേഖലയുടെ ആധുനികവൽക്കരണം നടന്നുവരികയാണെന്ന് കേന്ദ്ര സഹമന്ത്രി പറഞ്ഞു. കാർഷിക രംഗത്തെ പദ്ധതികൾ നടപ്പിലാക്കുന്നതിനെക്കുറിച്ച് സമഗ്രമായ കൂടിയാലോചനകൾ ജനകീയമായി നടക്കണമെന്നും ശ്രീ ജോർജ് കുര്യൻ അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## PM BIHAR VISIT

പ്രധാന മന്ത്രി നരേന്ദ്ര മോദി ഇന്ന് ബീഹാർ സന്ദർശിക്കും. രാജഗിരിയിലുള്ള നാളന്ദ സർവകലാശാലയുടെ പുതിയ ക്യാമ്പസ് അദ്ദേഹം ഉദ്ഘാടനം ചെയ്യും. വിദേശകാര്യമന്ത്രി എസ്.ജയ്ശങ്കർ, ബീഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ, 17 രാജ്യങ്ങളിലെ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും. 450 ഏക്കറിൽ സ്ഥിതി ചെയ്യുന്ന സർവകലാശാലയുടെ ക്യാമ്പസ്, പരിസ്ഥിതി സംരക്ഷണത്തിലൂന്നി, 'നെറ്റ് സീറോ' ഹരിത കാമ്പസായാണ് നിർമിച്ചിരിക്കുന്നത്. നാളന്ദ സർവകലാശാലയുടെ പുരാതന അവശിഷ്ടങ്ങളും പ്രധാനമന്ത്രി സന്ദർശിക്കും. ഇന്നലെ വാരാണസി സന്ദർശിച്ച പ്രധാനമന്ത്രി ഗംഗ ആരതിയിൽ പങ്കെടുത്തു. കാശി വിശ്വനാഥ ക്ഷേത്രത്തിലും ശ്രീ മോദി ദർശനം നടത്തി.

&&&&&&&&&&&&&&&&&&

## PM YOGA LETTER

അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് വിവിധ പരിപാടികളുമായി കേന്ദ്രസർക്കാർ. യോഗ ദിനത്തോടനുബന്ധിച്ച് കാഴ്ച പരിമിതർക്ക് യോഗ പഠിക്കാനും പരിശീലിക്കാനുമായി ബ്രെയിൽ ലിപിയിലുള്ള യോഗ മാനദണ്ഡ പുസ്തകം കേന്ദ്രസർക്കാർ പുറത്തിറക്കി. *'അവരവർക്കും സമൂഹത്തിനും വേണ്ടി യോഗ'* എന്നതാണ് ഈ വർഷത്തെ പ്രമേയം. പത്താമത് അന്താരാഷ്ട്ര യോഗ ദിനാചരണത്തോടനുബന്ധിച്ച് വെള്ളിയാഴ്ച ശ്രീനഗറിൽ നടക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. യോഗ ദിനത്തിന് മുന്നോടിയായി പ്രധാനമന്ത്രി ഗ്രാമപ്രധാൻമാർക്ക് കത്തയച്ചു. സുസ്ഥിരവും സമ്മർദരഹിതവുമായ ജീവിതശൈലി അവലംബിക്കുന്നതിന് ജനങ്ങളെ, പ്രത്യേകിച്ച് യുവാക്കളെ പ്രചോദിപ്പിക്കാൻ യോഗ സഹായിക്കുമെന്ന് ശ്രീ മോദി കത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## PM-NAVY MEET

നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠി പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യൻ നാവികസേനയിലെ വിവിധ ഭരണ, അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങളെക്കുറിച്ച് നാവികസേനാ മേധാവി പ്രധാനമന്ത്രിയെ അറിയിച്ചു. ആത്മനിർഭരതയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനോടൊപ്പം വെല്ലുവിളികളെ നേരിടാൻ സജ്ജരായിരിക്കുമെന്നും നാവികസേനാ മേധാവി ഉറപ്പുനൽകി.

&&&&&&&&&&&&&&&&&&

## RAJNATH-MEETING

പാർലമെന്റ് സമ്മേളനത്തിന് മുന്നോടിയായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിന്റെ വസതിയിൽ കേന്ദ്ര മന്ത്രിമാരും ബിജെപിയുടെ മുതിർന്ന നേതാക്കളും കൂടിക്കാഴ്ച നടത്തി. ഈ മാസം 24 മുതലാണ് പാർലമെന്റ് സമ്മേളനം. പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞയും ലോക്സഭാ സ്പീക്കറുടെ തിരഞ്ഞെടുപ്പും അന്ന് നടക്കും. അടുത്ത മാസം മൂന്നിന് സമ്മേളനം സമാപിക്കും.

&&&&&&&&&&&&&&&&&&

## RAJYASABHA SEAT

കേരളത്തിൽ നിന്ന് രാജ്യസഭയിലേക്ക് ഒഴിവ് വരുന്ന മൂന്ന് സീറ്റുകളിലേക്കുള്ള സ്ഥാനാർത്ഥികൾ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. മുസ്ലീം ലീഗിൻറെ ഹാരിസ് ബീരാൻ, കേരള കോൺഗ്രസ്സ് - എം ൻറെ ജോസ് കെ മാണി, സി പി ഐ യുടെ പി പി സുനീർ എന്നിവരാണ് രാജ്യസഭാ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടത്. ജൂലൈ ഒന്നിനാണ് നിലവിലെ അംഗങ്ങളുടെ കാലാവധി അവസാനിക്കുന്നത്.

&&&&&&&&&&&&&&&&&&

## NIYAMASABHA

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം ഇന്ന് പുനരാരംഭിക്കും. 2024 - 25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളുടെ ചർച്ചയും വോട്ടെടുപ്പും ഇന്ന് നടക്കും. ഈ മാസം 10 നാണ് നിയമസഭാ സമ്മേളനം ആരംഭിച്ചത്. സമ്മേളനം അടുത്ത മാസം 25 വരെ തുടരും.

&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കി ബാത്ത്' ഈ മാസം 30-ന്. മൻ കീ ബാത്തിൻറെ 111-ാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും നിർദേശങ്ങളും പങ്കുവയ്ക്കാൻ പ്രധാനമന്ത്രി ജനങ്ങളോട് അഭ്യർത്ഥിച്ചു. MyGov ഓപ്പൺ ഫോറത്തിലോ, നമോ മൊബൈൽ ആപ്പിലോ, 1800 11 7800 എന്ന നമ്പറിലോ സന്ദേശങ്ങളും

ആശയങ്ങളും അറിയിക്കാം.

&&&&&&&&&&&&&&&&&&

## SURESH GOPI –MANN KI BAAT

മൻ കി ബാത്ത് പ്രതിമാസ റേഡിയോ പരിപാടിയെ ആസ്പദമാക്കി സംഘടിപ്പിക്കുന്ന ക്വിസ് മത്സരത്തിൻറെ മൂന്നാം പതിപ്പിന് ഇന്ന് തുടക്കമാകും. കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ക്വിസ് മത്സരത്തോടൊപ്പം വായനാദിന പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്. കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിൻ കീഴിലുള്ള നെഹ്റു യുവകേന്ദ്രയാണ് ക്വിസ് മത്സരത്തിൻറെ സംഘാടകർ.

&&&&&&&&&&&&&&&&&&&

## NATIONAL READING DAY

ഇന്ന് ദേശീയ വായനാ ദിനം. വായനയുടെ വിശാലമായ ലോകം തുറന്നു നൽകിയ പി.എൻ. പണിക്കരുടെ ചരമ ദിനമായ ജൂൺ 19 ആണ് എല്ലാ വർഷവും ദേശീയ വായനാ ദിനമായി ആചരിക്കുന്നത്. അദ്ദേഹത്തോടുള്ള ആദരസൂചകമായി അടുത്ത ഒരാഴ്ചക്കാലം വായനാ വാരമായും ആചരിക്കുന്നു. ദിനാചരണത്തിന്റെ ഭാഗമായി കേരളത്തിലുടനീളം വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കും.

&&&&&&&&&&&&&&&&&&&

## POWER MINISTRY (INTRO)

വേനൽക്കാലത്തെ വർധിച്ച വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് ആവശ്യമായ വൈദ്യുതി വിതരണം ഉറപ്പാക്കാൻ സമഗ്രമായ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് ഊർജ്ജ മന്ത്രാലയം. രാജ്യത്തിന്റെ വടക്കൻ മേഖലയിൽ കഴിഞ്ഞ ദിവസം ഉണ്ടായ, എക്കാലത്തെയും ഉയർന്ന പീക്ക് ഡിമാൻഡ് ആയ 89 ഗിഗാവാട്ട് വൈദ്യുതി വിതരണം ഉറപ്പാക്കാനായതായി മന്ത്രാലയം

അറിയിച്ചു.

ഒരു റിപ്പോർട്ട്.......

(വോയിസ്)

## POWER MINISTRY VOICE)

വടക്കൻ മേഖലയിൽ ആവശ്യമായ വൈദ്യുതിയുടെ 25 മുതൽ 30 ശതമാനം വരെ അയൽ സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്താണ് ഉയർന്ന വൈദ്യുതി ആവശ്യം നിറവേറ്റിയതെന്ന് മന്ത്രാലയം പറഞ്ഞു. ഈ വർഷം വേനൽക്കാലത്ത് ഉണ്ടായ

എക്കാലത്തെയും ഉയർന്ന പീക്ക് ഡിമാൻഡ് നിറവേറ്റുന്നതിനായി വൈദ്യുതി മന്ത്രാലയം നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി. ഉയർന്ന വൈദ്യുതി ആവശ്യം നിലനിൽക്കുന്ന കാലയളവിൽ, ഉൽപാദന പിന്തുണ തുടരുന്നതിന് ഇറക്കുമതി ചെയ്യു കൽക്കരി അധിഷ്ഠിത പ്ലാന്റുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനിടെ, ഈ സീസണിൽ ഡൽഹിയുടെ പീക്ക് പവർ ഡിമാൻഡ് എക്കാലത്തെയും ഉയർന്ന നിരക്കായ 8,647 മെഗാ വാട്ടിലെത്തി. ദേശീയ തലസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന നിരക്കാണിത്.

ന്യൂസ്ഡെസ്ക് ആകാശവാണി........

&&&&&&&&&&&&&&&&&&

## TWENTY -20

ട്വൻറി-20 ലോകകപ്പിൻറെ സൂപ്പർ EIGHT മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും. ഈ റൗണ്ടിലെ എല്ലാ മത്സരങ്ങളും വെസ്റ്റ് ഇൻഡീസിലാണ് നടക്കുക. സൂപ്പർ എട്ടിൽ അമേരിക്കയും ദക്ഷിണാഫ്രിക്കയും തമ്മിലാണ് ആദ്യ മത്സരം. നാളെ ഇന്ത്യ അഫ്ഗാനിസ്ഥാനെ നേരിടും. ആദ്യ ഗ്രൂപ്പിൽ ഇന്ത്യ, ഓസ്ട്രേലിയ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നീ ടീമുകളും രണ്ടാം ഗ്രൂപ്പിൽ യുഎസ്എ, ഇംഗ്ലണ്ട്, വെസ്റ്റ് ഇൻഡീസ്, ദക്ഷിണാഫ്രിക്ക എന്നിവരുമാണുള്ളത്. ഈ മാസം 29 ന് ബാർബഡോസിലാണ് ട്വൻറി-20 ലോകകപ്പ് ഫൈനൽ.

&&&&&&&&&&&&&&&&&&

## JAVELIN-NEERAJ- GOLD

ഫിൻലൻഡിൽ നടക്കുന്ന വേൾഡ് അത്ലറ്റിക്സ് കോണ്ടിനെന്റൽ ഗോൾഡ് ടൂർ, പുരുഷ ജാവലിൻ ത്രോയിൽ, ഇന്ത്യയുടെ നീരജ് ചോപ്രയ്ക്ക് സ്വർണം. തന്റെ മൂന്നാമത്തെ ശ്രമത്തിൽ , 85.97 മീറ്റർ

എറിഞ്ഞാണ് എട്ട് പേരെ പിന്തള്ളി നീരജ് ചോപ്ര ഒന്നാമതെത്തിയത് .

&&&&&&&&&&&&&&&&&&

## KERALA - RAIN

കേരളത്തിൽ ശനിയാഴ്ച വരെ ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ നാളെ മുതൽ രണ്ടു ദിവസത്തേക്ക് കേരള തീരത്തും മറ്റന്നാൾ മുതൽ കർണാടക - ലക്ഷദ്വീപ് തീരങ്ങളിലും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## STALIN- CRIMINAL LAWS

രാജ്യത്തെ പുതിയ മൂന്ന് ക്രിമിനൽ നിയമങ്ങൾ പിൻവലിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട് തമിഴ്നാട് മുഖ്യമന്ത്രി എം.കെ.സ്റ്റാലിൻ. ഇത് സംബന്ധിച്ച് അദ്ദേഹം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായ്ക്ക് കത്തയച്ചു. ഇന്ത്യൻ ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുന്ന പുതിയ നിയമനിർമ്മാണങ്ങൾ വേണ്ടത്ര ചർച്ചകളും കൂടിയാലോചനകളുമില്ലാതെ തിടുക്കത്തിൽ നടപ്പാക്കിയതാണെന്ന് അദ്ദേഹം കത്തിൽ പറഞ്ഞു. സംസ്ഥാന സർക്കാരുകളുമായി വിപുലമായ കൂടിയാലോചന ആവശ്യമാണെന്നും തമിഴ്നാട് മുഖ്യമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## SICKLE CELL DAY

ഇന്ന് ലോക അരിവാൾ കോശ ദിനം. **സിക്കിൾ സെൽ അനീമിയ** എന്ന ജനിതക രോഗത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിനായാണ് ജൂൺ 19 ന് ദിനാചരണം സംഘടിപ്പിക്കുന്നത്. നേരത്തെയുള്ള രോഗനിർണയം, ചികിത്സ, രോഗം ഒഴിവാക്കുന്നതിനുള്ള പ്രതിരോധ നടപടി എന്നിവയെകുറിച്ചുള്ള ബോധവത്കരണം പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം. "പുരോഗമനത്തിലൂന്നിയ സിക്കിൾ സെൽ പരിരക്ഷ ആഗോളതലത്തിൽ മുന്നേറുന്നു ," എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

&&&&&&&&&&&&&&&&&&

## VP-MADHYA PRADESH

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് മധ്യപ്രദേശിലെ ഡിൻഡോരി സന്ദർശിക്കും. ലോക അരിവാൾ കോശ ദിനാചരണ പരിപാടിയിൽ ശ്രീ.ധൻഖർ മുഖ്യാതിഥിയായി പങ്കെടുക്കും. മധ്യപ്രദേശ് ഗവർണർ മംഗുഭായ് പട്ടേൽ, മുഖ്യമന്ത്രി മോഹൻ യാദവ് എന്നിവരും ചടങ്ങിൽ സന്നിഹിതരാകും.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&